## പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1829 — 25.03.2013 ന് മറുപടിയ്ക്ക്.

### <u>വനങ്ങളിലെ ജൈവവൈവിദ്ധ്യം സംരക്ഷണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്. | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനങ്ങളിൽ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ; | **(എ)** വനങ്ങളിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സർക്കാർ വിവിധ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത്തരം പരിപാടികൾ നടത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) ഇതിനായി എന്തെല്ലാം പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | **(ബി)യും (സി)യും** - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികവർഗ്ഗ വികസന വകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ, സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ, സർക്കാരേതര സ്ഥാപനങ്ങൾ എന്നിവയുടേയും വ്യക്തികളുടേയും സഹായത്തോടെയാണ് ഈ പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ചോദ്യം (എ)യുടെ ഉത്തരത്തിൽ പ്രതിപാദിച്ചിട്ടുള്ള അനുബന്ധം ഒന്നിൽ വിശദമാക്കിയ എല്ലാ പ്രവർത്തനങ്ങളും വനം വകുപ്പ് വളരെ മുമ്പേ ആരംഭിച്ച് വനമേഖലകളിൽ നടപ്പിലാക്കി വരുന്നതാണ്. ഇവയെല്ലാം തന്നെ ഇതേ വിധത്തിൽ ഭാവിയിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം - I

1 വനമേഖലകളുടെ ജൈവ വൈവിധ്യ പ്രാധാന്യം കണക്കിലെടുത്ത് 2 കടുവാ സങ്കേതങ്ങൾ, 5 ദേശീയോദ്യാനങ്ങൾ, 15 , വന്യജീവി സങ്കേതങ്ങൾ എന്നിവ പ്രഖ്യാപിച്ച്, അംഗീകരിച്ച മാനേജ്മെന്റ് പ്ളാൻ പ്രകാരമുള്ള ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

2 വംശനാശഭീഷണി നേരിടുന്ന കടുവകളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതോടൊപ്പം മറ്റ് വന്യജീവികളുടേയും സംരക്ഷണം ഉറപ്പാക്കാനായി, പ്രോജക്ട് ടൈഗർ (Project Tiger) എന്ന പദ്ധതി പെരിയാർ, പറമ്പിക്കുളം എന്നീ കടുവാ സങ്കേതങ്ങളിൽ നടപ്പിലാക്കി വരുന്നു.

3 ആനകളുടെ വാസ സ്ഥലങ്ങൾ ആയ ആനമുടി, പെരിയാർ, നിലമ്പൂർ, വയനാട് എന്നീ സ്ഥലങ്ങൾ എലിഫന്റ് റിസർവ്വുകളായി തിരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

4 വനമേഖലകളുടെ ജൈവ വൈവിധ്യവും സാംസ്കാരിക വൈവിധ്യവും സംരക്ഷിക്കുന്നതിനും, സുസ്ഥിര സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനും വേണ്ടി UNESCO നടപ്പിലാക്കുന്ന Man & Biosphere പദ്ധതിയിൽ കേരളത്തിലെ നീലഗിരി, അഗസ്ത്യമല എന്നീ വനമേഖലകളെ ഉൾപ്പെടുത്തി, Biosphere റിസർവ്വുകൾ ആയി പ്രഖ്യാപിച്ച് വനമേഖലകളിലെ ജൈവ വൈവിധ്യം സംരക്ഷിച്ചുവരുന്നു.

5 ശാസ്ത്രീയമായ സമീപനത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും വന്യജീവി കണക്കെടുപ്പും സർവ്വേയും നടത്തിവരുന്നു.

6 വനങ്ങളിലെ ജൈവ വൈവിധ്യത്തെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് സംരക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

7 വനമേഖലയിലെ ജൈവ വൈവിധ്യത്തിന്റെ ഏറ്റവും വലിയ ഭീഷണിയായ കാട്ടുതീ തടയാനും നിയന്ത്രിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8 വനമേഖലയിലെ ജൈവ വൈവിധ്യ സംരക്ഷണത്തിനുതകുന്ന ഗവേഷണങ്ങൾ നടത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

9 ജൈവ വൈവിധ്യ സംരക്ഷണത്തിനായി തദ്ദേശവാസികളുടെ സഹകരണം ഇക്കോ ഡവലപ്‌മെന്റ് കമ്മറ്റികൾ/വനസംരക്ഷണ സമിതികൾ മുഖേന ഉറപ്പാക്കുന്നു.

10 പൊതുജന പങ്കാളിത്തത്തോടെയുള്ള ജൈവ വൈവിധ്യസംരക്ഷണം ഉറപ്പാക്കുന്നതിനായി വിദ്യാർത്ഥികൾക്കും, പ്രത്യേക ഗ്രൂപ്പുകൾക്കുമായി പ്രകൃതി പഠന ക്യാമ്പുകൾ, ബോധവത്ക്കരണ പരിപാടികൾ, വന്യജീവി വാരാഘോഷം തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

11 ജൈവ വൈവിധ്യ സംരക്ഷണത്തിനെതിരെ പൊതുജന വികാരമുണർത്തുന്ന വനം-വന്യജീവി സംഘർഷം തടയുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.